## 612

രീതി: ഒന്നുമില്ലായ്മയിൽ നിന്നെ

1 അൻപോടെന്നെ പോറ്റും പ്രിയന്റെ ഇമ്പമേറും സ്വരം കേട്ടു ഞാൻ
തുമ്പമകറ്റി സ്വരം കേട്ടു ഞാൻ അൻപു നിറഞ്ഞയെന്നേശുവെ

ഇത്രമാ സ്നേഹത്തെ എങ്ങനെ
വർണ്ണിക്കും എൻ പ്രിയാ-

2 നൊന്തു നീറുന്നെൻ മാനസത്തെ നാഥൻ ശാന്തിതന്നു രക്ഷിച്ചു
കണ്ണുനീർ തൂകിടും നേരത്തും കാന്തൻ പൊൻകരത്താൽ തുടച്ചു-

3 രോഗത്താൽ ഭാരപ്പെട്ടിടുമ്പോൾ രോഗത്തിൻ വൈദ്യനാം പ്രിയനിൽ
മാറോടു ചേർന്നു ഞാൻ പാടിടാം മന്നിതിൽ പ്രിയനെ വാഴ്ത്തിടും

4 മുൾമുടി ചൂടി എനിക്കായി മൂന്നാണിമേൽ നാഥൻ തൂങ്ങിയേ
മുറ്റും എന്നെ കഴുകിടുവാൻ മുഴുവൻ ചെന്നിണം തന്നവൻ-

**L.K.**